ഉത്തരം

(എ) 26-12-2004-ൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ 26,05,208 രൂപ നീക്കിയിരിപ്പുണ്ടായിരുന്നു.

(ബി) 31-1-2005 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 18,64,55,036 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

(സി) സുനാമി ദുരന്തത്തിനുവേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച തുക ഒരു പ്രത്യേക ഹെഡ്ഡിലേക്ക് ആക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനകൾ സ്വീകരിക്കുന്നതിന് അവസാന തീയതി തീരുമാനിച്ചിട്ടില്ല.

സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ലഭിച്ച സംഭാവന

75 [850] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നാളിതുവരെ ലഭിച്ച സംഭാവനയുടെ കണക്ക് വിശദമാക്കുമോ ;

(ബി) സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സുനാമി ദുരന്തത്തിൽ മരണമടഞ്ഞ എത്ര പേരുടെ ബന്ധുക്കൾക്ക് ഓരോ ലക്ഷം രൂപയുടെ നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടന്ന് വ്യക്തമാക്കുമോ ;

(ഡി) സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് മറ്റെന്തെല്ലാം ആവശ്യങ്ങൾക്കു വേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പണം ചെലവഴിച്ചിട്ടുണ്ടെന്നും ഓരോ ആവശ്യങ്ങൾക്കും അനുവദിച്ചു നൽകിയ തുകയെ സംബന്ധിച്ചുമുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 31-1-2005 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 18,64,55,036 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

(ബി) 31-1-2005 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2,09,20,550 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly